# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/150/2017 **പത്രക്കുറിപ്പ്** 2017 ജൂലായ് 18

**എം. ജി ബിരുദ ഏകജാലകം : പട്ടിക ജാതി/പട്ടിക വർഗ്ഗ ര ാം പ്രത്യേക അലോട്ട്മെന്റിൽ യോഗ്യത നേടിയവർ ഇന്ന് (ജൂലായ് 19) വൈകീട്ട് 4 മണിക്കു മുൻപായി പ്രവേശനം നേടണം.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബിരുദ പ്രവേശനത്തിനുള്ള പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള പ്രത്യേക അലോട്ട്മെന്റ് ലഭിച്ചവർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ഇന്ന് (ജൂലായ് 19) വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ഇന്ന് (ജൂലായ് 19) വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

പട്ടിക ജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റിൽ പ്രവേശനത്തിനർഹത നേടിയ അപേക്ഷകർ തങ്ങൾക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്നപക്ഷം ഓൺലൈനായി യൂണിവേഴ്സിറ്റി ഫീസും, ട്യൂഷൻ ഫീസും അടച്ച് പ്രവേശനം നേടേണ്ടതാണ്.

മൂന്ന് അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനമെടുത്ത എസ്. സി./എസ്. ടി വിഭാഗമുൾപ്പെടെ എല്ലാ അപേക്ഷകരും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഇന്ന് (ജൂലായ് 19) വൈകുന്നേരം നാലു മണിക്കു മുൻപായി സ്ഥിര പ്രവേശനം നേടാത്തപക്ഷം അത്തരം അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റിനു ശേഷം മൂന്നാമതായി നടത്തപ്പെടുന്ന അലോട്ട്മെന്റിലേക്ക് ജൂലായ് 20, 21 തീയതികളിൽ പുതുതായി ഓപ്ഷൻ രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്. മൂന്നാം അലോട്ട്മെന്റിൽ പരിഗണിക്കപ്പെടുന്നതിനായി ഇത്തരം അപേക്ഷകൽ വീണ്ടും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ബി. പി. എഡ്/ബി. എൽ. ഐ. എസ്സി. പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനം : ഓൺലൈൻ രജിസ്ട്രേഷൻ ജൂലായ് 24 മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബി. പി. എഡ്/ബി. എൽ. ഐ. എസ്സി. പ്രോഗ്രാമുകളിൽ പ്രവേശനത്തിന് ഓൺ ലൈൻ രജിസ്ട്രേഷൻ ജൂലൈ 24 മുതൽ ആരംഭിക്കും. സർവ്വകലാശാല നേരിട്ട് ഏകജാലക സംവിധാനത്തിലൂടെ മെറിറ്റ് സീറ്റുകളിലേക്കും, എസ്.സി/ എസ്.ടി/ എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കുമുള്ള അലോട്ട്മെന്റ് നടത്തും.

ഓൺലൈൻ രജിസ്ട്രേഷൻ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ BPEd/BLiSc CAP എന്ന ലിങ്കിൽ പ്രവേശിച്ച് നടത്താവുന്നതാണ്. 'അക്കൗണ്ട് ക്രിയേഷൻ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷകന്റെ പേര്, ഇ-മെയിൽ വിലാസം, ജനനതീയതി, സംവരണ വിഭാഗം എന്നീ വ്യക്തിഗത വിവരങ്ങൾ നൽകി പാസ്വേഡ് സൃഷ്ടിച്ചശേഷം ഓൺലൈനായി നിശ്ചിത ആപ്ലിക്കേഷൻ ഫീ അടക്കേണ്ടതാണ്. അപേക്ഷാ ഫീസ് പൊതുവിഭാഗത്തിന് 1000/- രൂപയും എസ്. സി./എസ്. ടി വിഭാഗത്തിന് 500/- രൂപയുമാണ്. ഇത്തരത്തിൽ അപേക്ഷാഫീസ് ഒടുക്കിയാൽ മാത്രമേ അപേക്ഷകന്റെ അക്കൗണ്ട് പ്രവർത്തനക്ഷമമാക്കുകയുള്ളൂ. അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പരായിരിക്കും ലോഗിൻ ഐ. ഡി. ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ വ്യക്തിഗത അക്കാദമിക വിവരങ്ങൾ നൽകേണ്ടതും വിശദമായ പരിശോധനകൾക്ക് ശേഷം ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യേണ്ടതുമാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 31 വരെ നടത്താം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. ആദ്യ അലോട്ട്മെന്റ് ജൂലൈ 31 ന് നടത്തും.

ഓൺലൈനായാണ് ഫീസ് അടക്കേണ്ടത്. ഏതു ബാങ്കിന്റെയും ഡെബിറ്റ്/ക്രഡിറ്റ് കാർഡുകളോ, നെറ്റ് ബാങ്കിംഗ് സൗകര്യമോ ഉപയോഗിച്ച് ഫീസ് അടയ്ക്കാം.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വോട്ട, വികലാംഗ സംവരണ സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം

ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കണം.

എൻ. ആർ. ഐ/വികലാംഗ/സ്പോർട്സ്/കൾച്ചറൽ/സ്റ്റാഫ് ക്വോട്ട വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ ജൂലൈ 25 നകം നേരിട്ട് അപേക്ഷ സമർപ്പിക്കണം.

സ്പോർട്സ് /കൾച്ചറൽ//വികലാംഗ സംവരണ സീറ്റുകളിലേക്കും മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വോട്ടാ സീറ്റുകളിലേക്കുമുള്ള പ്രവേശനം സംബന്ധിച്ച സർവ്വകലാശാലാ വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജധികൃതർ വിജ്ഞാപനത്തിലുള്ള തീയതികൾക്കനുസൃതമായിതന്നെ പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. കോളേജധികൃതർ തങ്ങളുടെ ഇ-മെയിൽ ദിവസേന പരിശോധിക്കേണ്ടതാണ്

ഹെൽപ്പ് ലൈൻ നമ്പർ : 0481 6555563, ഇ-മെയിൽ : pgcap@mgu.ac.in

**പരീക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ ഒൻപതാം സെമസ്റ്റർ ബി. എ. എൽ. എൽ. ബി (ക്രിമിനോളജി – 2015 ന് മുൻപുള്ള അഡ്മിഷൻ റഗുലർ/2011 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 16 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലായ് 27 വരെയും, 50 രൂപ പിഴയോടെ 28 വരെയും, 500 രൂപ സൂപ്പർഫൈനോടെ 31 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതം (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

**പ്രാക്ടിക്കൽ പരീക്ഷ**

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി. ഇലക്ട്രോണിക്സ് ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലായ് 25 മുതൽ അതാത് കോളേജുകളിൽ നടത്തും.

2017 മെയ് മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി. വോക് റിന്യൂവബിൾ എനർജി ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 25 മുതൽ 27 വരെ കാലടി ശ്രീ ശങ്കര കോളേജിൽ വച്ച് നടത്തും. എറണാകുളം സെന്റ് ആൽബർട്സ് കോളേജിലെ സപ്ലിമെന്ററി വിദ്യാർത്ഥികളും ശ്രീ ശങ്കര കോളേജിൽത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 ഫെബ്രുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ബി. എ ക്രിമിനോളജി എൽ. എൽ. ബി(ഓണേഴ്സ്), ബി. കോം എൽ. എൽ. ബി (ഓണേഴ്സ്) എന്നീ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 29 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ പഞ്ചവത്സര ബി. ബി. എ എൽ. എൽ. ബി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 29 വരെ സ്വീകരിക്കും.

2017 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (പുതിയ സ്കീം – 2016 അഡ്മിഷൻ), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (പഴയ സ്കീം – സപ്ലിമെന്ററി) എന്നീ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ജൂലായ് 31 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എ സോഷ്യോളജി (സി. എസ്. എസ് – റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 25 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എ മ്യൂസിക്, വോക്കൽ, വീണ, വയലിൻ, ഭരതനാട്യം, മൃദംഗം (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 1 വരെ സ്വീകരിക്കും.

2015 ഒക്ടോബറിൽ നടത്തിയ എം. എ ചരിത്രം (പ്രൈവറ്റ് – പ്രിവിയസ് & ഫൈനൽ, മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 29 വരെ സ്വീകരിക്കും.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ എം. എസ്‌സി. കോഴ്സിന് എൻവയോൺമെന്റ് സയൻസ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് വിഷയത്തിൽ പട്ടികവർഗ സംവരണത്തിൽ ഒരു സീറ്റൊഴിവുണ്ട്. താത്പര്യമുള്ളവർ ജൂലായ് 20 ന് രാവിലെ 11 മണിക്ക് എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം സ്കൂൾ ഡയറക്ടർ മുമ്പാകെ ഹാജരാകണം. തെരഞ്ഞെടുക്കപ്പെടുന്നവർ 1250/- രൂപ കോഷൻ ഡെപ്പോസിറ്റായി അടക്കേണ്ടതാണ്.

സർവ്വകലാശാലാ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ 2017 – 18 അധ്യയന വർഷത്തിൽ എം. എ. ആന്ത്രോപോളജി പ്രോഗ്രാമിൽ എസ്. സി. വിഭാഗത്തിനും എസ്.റ്റി വിഭാഗത്തിനും ഒരോ സീറ്റു വീതവും, എം. എ ഹിസ്റ്ററി പ്രോഗ്രാമിന് എസ്. ടി. വിഭാഗത്തിൽ ഒരു സീറ്റും ഒഴിവുണ്ട്. യോഗ്യതയുള്ളവർ ജൂലായ് 21 ന് കോട്ടയം പുല്ലരിക്കുന്നിലുള്ള സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. ഫോൺ : 0481 – 2392383.

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2017-19 വർഷത്തേയ്ക്കുള്ള എം. ബി. എ കോഴ്സിൽ എസ്. സി. വിഭാഗത്തിനും എസ്.റ്റി വിഭാഗത്തിനും 5 സീറ്റ് വീതം

ഒഴിവുണ്ട്. ബിരുദവും, KMAT/CAT/CMAT പരീക്ഷകളിൽ ഏതെങ്കിലും ഒന്നിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ ജൂലായ് 25 ന് രാവിലെ 9.30 ന് എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം സ്കൂൾ ഡയറക്ടർ മുമ്പാകെ ഹാജരാകണം. ഫോൺ : 0481 – 2732288.

**ചാൻസിലേഴ്സ് കൗൺസിലിന് വെള്ളിയാഴ്ച എം. ജി. ആതിഥ്യമരുളും. (ദയവായി എല്ലാ എഡിഷനുകളിലും)**

കേരളാ ഗവർണർ ജസ്റ്റിസ് പി. സദാശിവം സംസ്ഥാനത്തെ വൈസ്ചാൻസിലർമാരെ ഉൾപ്പെടുത്തികൊണ്ടു രൂപം നൽകിയ ചാൻസിലേഴ്സ് കൗൺസിലിന്റെ മൂന്നാമത് യോഗത്തിന് വെള്ളിയാഴ്ച (ജൂലായ് 21) മഹാത്മാഗാന്ധി സർവ്വകലാശാല ആതിഥ്യമരുളും. ഉന്നത വിദ്യാഭ്യാസ മേഖലയിലെ പുത്തൻ പ്രവണതകൾ, നയപരിപാടികൾ, സർവ്വകലാശാലാ പ്രവർത്തനങ്ങൾ എന്നിവ ഗവർണർ അദ്ധ്യക്ഷത വഹിക്കുന്ന കൗൺസിൽ വിലയിരുത്തും. 2014 ലാണ് കേരളത്തിൽ ആദ്യമായി ചാൻസിലേഴ്സ് കൗൺസിലിന് രൂപം നൽകിയത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനും, ആശയ വിനിമയത്തിനുമുള്ള വേദിയായി പ്രവർത്തിക്കാൻ ലക്ഷ്യം വച്ചാണ് ചാൻസിലേഴ്സ് കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. മുൻ വർഷങ്ങളിൽ കൊച്ചി, അഗ്രികൾച്ചറൽ സർവ്വകലാശാലകളാണ് കൗൺസിൽ യോഗങ്ങൾക്ക് ആതിഥ്യം വഹിച്ചത്. രാവിലെ 10 ന് സിൻഡിക്കേറ്റ് ഹാളിൽ ഗവർണർ ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അദ്ധ്യക്ഷത വഹിക്കും. തുടർന്ന് വൈസ്ചാൻസലർമാർ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിക്കും. ഗവർണറുടെ സെക്രട്ടറി ഡോ. ദേവേന്ദ്രകുമാർ ദൊഡാവത്, ഉന്നത വിദ്യാഭ്യാസ സെക്രട്ടറി ഡോ. ഉഷ ടൈറ്റസ് എന്നിവർ പങ്കെടുക്കും. എം. ജി യെ കൂടാതെ കേരള, കാലിക്കറ്റ്, കണ്ണൂർ, കാലടി, മലയാളം, കൊച്ചി, ആരോഗ്യം, അഗ്രികൾച്ചർ, ഫിഷറീസ്, വെറ്ററിനറി, ടെക്നോളജി. കലാമണ്ഡലം, എന്നീ യൂണിവേഴ്സിറ്റികളിലെ വൈസ്ചാൻസലർമാർ പങ്കെടുക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**